# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 17.08.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1.) ന്യൂഡൽഹിയിൽ 11,000 കോടി രൂപയുടെ ദേശീയ പാത വികസന പദ്ധതികൾ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ഉദ്ഘാടനം ചെയ്യും.

**Prime Minister Narendra Modi to inaugurate National Highway Development projects worth ₹11,000 crore in New Delhi today.**

2.) ബഹിരാകാശ ദൗത്യത്തിന് ശേഷം ഇന്ത്യയിലെയെത്തിയ ഗ്രൂപ്പ് ക്യാപ്റ്റൻ ശുഭാൻഷു ശുക്ലയ്ക്ക് ഊഷ്മള വരവേൽപ്.

**Group Captain Shubanshu Shukla receives warm welcome on return to India after space mission.**

3.) രാജ്യത്തെ ഇലക്ട്രോണിക്സ് കയറ്റുമതിയിൽ വൻ വർദ്ധന എന്ന് കേന്ദ്രമന്ത്രി പിയൂഷ് ഗോയൽ.

**Massive Growth in country's electronics exports, says Union Minister Piyush Goyal.**

4.) അലാസ്ക ഉച്ചകോടിയെ സ്വാഗതം ചെയ്ത് ഇന്ത്യ; ചർച്ചകളിൽ കൈവരിച്ച പുരോഗതിയെ പ്രകീർത്തിച്ച് വിദേശകാര്യമന്ത്രാലയം.

**India welcomes Alaska Summit; Ministry of External Affairs praises progress achieved in discussions.**

5.) **പുതിയ പ്രതീക്ഷകളുമായി പൊന്നിൻ ചിങ്ങത്തെ വരവേറ്റ് മലയാളികൾ. സംസ്ഥാനതല കർഷക ദിനാഘോഷവും കർഷക പുരസ്കാര വിതരണവും മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് ഓൺലൈനായി നിർവഹിക്കും.**

**Malayalis welcome the month of Chingam with new hopes; state-level farmers' day celebration and awards ceremony to be inaugurated online today by Chief Minister Pinarayi Vijayan.**

6.) **കേരളത്തിൽ മഴ ശക്തി പ്രാപിക്കുന്നു. രണ്ട് ജില്ലകളിൽ ഓറഞ്ച് ജാഗ്രത. കേരളം കർണ്ണാടകം- ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്ക്.**

**Rains intensify in Kerala; orange alert in two districts. Fishing banned today and tomorrow along Kerala, Karnataka, and Lakshadweep coasts.**

**&&&&&&&&&&&&&&&&**

## HEADLINE 1

## PM-DELHI -INTRO

പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ഡൽഹിയിലെ രോഹിണിയിൽ 11,000 കോടിരൂപയുടെ രണ്ടു പ്രധാന ദേശീയ പാത പദ്ധതികൾ ഉദ്ഘാടനം ചെയ്യും. പൊതുയോഗത്തെയും ശ്രീ മോദി അഭിസംബോധന ചെയ്യും.

വിശദാംശങ്ങളിലേക്ക്..........

(വോയിസ്)

## PM- DELHI- VOICE

ദ്വാരക അതിവേഗപാതയുടെ ഡൽഹി ഭാഗവും എൻസിആറിലെ അർബൻ എക്സ്റ്റൻഷൻ റോഡ്-രണ്ടാം ഘട്ടവുമാണ് പ്രധാനമന്ത്രി ഇന്ന് ഉദ്ഘാടനം ചെയ്യുന്നത്. ഡൽഹിയിൽ ഗതാഗത സൗകര്യം മെച്ചപ്പെടുത്തുന്നതിനും തിരക്കു കുറയ്ക്കുന്നതിനും

സഹായിക്കുന്നവയാണ് പദ്ധതികൾ. ദ്വാരക അതിവേഗപാതയുടെ 10.1 കിലോമീറ്റർ നീളമുള്ള ഡൽഹി ഭാഗം ഏകദേശം 5360 കോടി രൂപ ചെലവിലാണു വികസിപ്പിച്ചത്. യശോഭൂമി, DMRC ബ്ലൂ ലൈൻ, ഓറഞ്ച് ലൈൻ, വരാനിരിക്കുന്ന ബിജ്വാസൻ റെയിൽവേ സ്റ്റേഷൻ, ദ്വാരക ക്ലസ്റ്റർ ബസ് ഡിപ്പോ എന്നിവയിലേക്ക് ഇത് ബഹുതല സമ്പർക്കസൗകര്യവും ഒരുക്കും. ദ്വാരക അതിവേഗപാതയുടെ 19 കിലോമീറ്റർ നീളമുള്ള ഹരിയാണ ഭാഗം കഴിഞ്ഞ വർഷം പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്തിരുന്നു.

ന്യൂസ് ഡെസ്ക് ആകാശവാണി.

**&&&&&&&&&&&&&&&&&**

## HEADLINE 2

## REV. NT. ASTRONAUT SHUKLA- RETURN

ബഹിരാകാശ ദൗത്യത്തിന് ശേഷം ഇന്ത്യയിലെത്തിയ ഗ്രൂപ്പ് ക്യാപ്റ്റൻ ശുഭാൻഷു ശുക്ലയ്ക്ക് ഡൽഹി അന്താരാഷ്ട്ര വിമാനത്താവളത്തിൽ ഊഷ്മള സ്വീകരണം. ഇന്ന് പുലർച്ചെ കേന്ദ്രമന്ത്രി ജിതേന്ദ്ര സിംഗ്, ഡൽഹി മുഖ്യമന്ത്രി രേഖ ഗുപ്ത, ഐഎസ്ആർഒ ചെയർമാൻ വി. നാരായണൻ എന്നിവർ അദ്ദേഹത്തെ സ്വീകരിച്ചു. ദൗത്യത്തിനു ശേഷം അമേരിക്കയിൽ തുടരുകയായിരുന്നു അദ്ദേഹം. ഈ വർഷം ജൂൺ 25 ന് ഫ്ലോറിഡയിലെ കെന്നഡി ബഹിരാകാശ കേന്ദ്രത്തിൽ നിന്ന് വിക്ഷേപിച്ച നാസയുടെ ആക്സിയം-4 ദൗത്യത്തിൻറെ ഭാഗമായിരുന്ന ശുഭാൻശു കഴിഞ്ഞ മാസം 15 നാണ് ഭൂമിയിലേക്ക് മടങ്ങിയെത്തിയത്. ഇന്ത്യയുടെ ആദ്യത്തെ മനുഷ്യ ബഹിരാകാശ യാത്രാ ദൗത്യമായ ഗഗൻയാനിനു വേണ്ടി തിരഞ്ഞെടുക്കപ്പെട്ടവരിൽ ഒരാളാണ് ശുഭാൻശു.

**&&&&&&&&&&&&&&&&&**

## HEADLINE 3

## GOYAL- ELECTRONICS EXPORT

രാജ്യത്തെ ഇലക്ട്രോണിക്സ് കയറ്റുമതിയിൽ വൻ വർദ്ധന എന്ന് കേന്ദ്രമന്ത്രി പിയൂഷ് ഗോയൽ. 2024-25 സാമ്പത്തിക വർഷത്തിൻ്റെ ആദ്യ പാദത്തെ അപേക്ഷിച്ച് 47 ശതമാനത്തോളം

വർധനയുണ്ടായതായി അദ്ദേഹം സാമൂഹിക മാധ്യമത്തിൽ അറിയിച്ചു. ഇത് മേക്ക് ഇൻ ഇന്ത്യയുടെ വിജയമാണെന്നും കേന്ദ്രമന്ത്രി പറഞ്ഞു. കഴിഞ്ഞ ഒരു ദശകത്തിലെ ഇന്ത്യയുടെ ഇലക്ട്രോണിക്സ് ഉത്പാദനം 31 ബില്യൺ ഡോളറിൽ നിന്ന് 133 ബില്യൺ ഡോളറായി വളർന്നിട്ടുണ്ട്.

&&&&&&&&&&&&&&&&

## NAGALAND GOVERNOR

മണിപ്പൂർ ഗവർണർ അജയ് കുമാർ ഭല്ലയ്ക്ക് നാഗാലാൻഡ് ഗവർണറുടെ അധിക ചുമതല. നാഗാലാൻഡ് ഗവർണർ ലാ ഗണേശൻ്റെ നിര്യാണത്തെ തുടർന്നാണ് രാഷ്ട്രപതി ദ്രൗപദി മുർമു അദ്ദേഹത്തെ നിയമിച്ചത്. രാഷ്ട്രപതി ഭവൻ പുറത്തിറക്കിയ വാർത്താക്കുറിപ്പിലാണ് ഇക്കാര്യം അറിയിച്ചത്.

&&&&&&&&&&&&&&&&

## HEADLINE 4

## INDIA - ALASKA MEETING

അമേരിക്കൻ പ്രസിഡന്റ് ഡോണാൾഡ് ട്രംപും റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിനും തമ്മിൽ അലാസ്കയിൽ നടന്ന ഉച്ചകോടിയെ സ്വാഗതം ചെയ്ത് ഇന്ത്യ. ചർച്ചകളിൽ കൈവരിച്ച പുരോഗതിയെ കേന്ദ്ര വിദേശകാര്യമന്ത്രാലയം പ്രകീർത്തിച്ചു. സംഭാഷണവും നയതന്ത്രവും മാത്രമാണ് മുന്നോട്ടുള്ള പാതയെന്ന് മന്ത്രലായം പ്രസ്താവനയിൽ പറഞ്ഞു. 2022 ഫെബ്രുവരിയിൽ റഷ്യ, യുക്രെയ്ൻ അധിനിവേശം നടത്തിയതിനു ശേഷമുള്ള ആദ്യത്തെ യുഎസ്-റഷ്യ ഉച്ചകോടിയാണ് ഇന്നലെ അലാസ്കയിൽ നടന്നത്.

&&&&&&&&&&&&&&&&

## TRUMP - ZELENSKIY

യുദ്ധം അവസാനിപ്പിക്കുന്നത് ലക്ഷ്യമിട്ട് റഷ്യയുമായി ധാരണയിലെത്താൻ യുക്രൈനോട് ആവശ്യപ്പെട്ട് യു എസ് പ്രസിഡൻറ് ഡൊണാൾഡ് ട്രംപ്. യുക്രെയ്നിനുവേണ്ടി ചർച്ച നടത്തുകയല്ല മറിച്ച് ഇരുവരേയും ചർച്ചയ്ക്കായി ഒന്നിച്ചു

കൊണ്ടുവരാനാണ് താൻ ശ്രമിക്കുന്നതെന്ന് ട്രംപ് വ്യക്തമാക്കി. അതേസമയം ഉഭയകക്ഷി ബന്ധങ്ങളിൽ സഹകരണം പുനരാരംഭിക്കാൻ ആഹ്വാനം ചെയ്ത റഷ്യൻ പ്രസിഡൻറ് വ്ളാഡിമിർ പുടിൻ ട്രംപിനെ മോസ്കോയിലേക്ക് ക്ഷണിക്കുകയും ചെയ്തു. യുക്രേനിയൻ പ്രസിഡൻറ് വോളോഡിമിർ സെലൻസ്കി നാളെ വാഷിംഗ്ടണിൽ ട്രംപുമായി കൂടിക്കാഴ്ച നടത്തും.

&&&&&&&&&&&&&&&&

## CHINA FM VISIT

രണ്ട് ദിവസത്തെ സന്ദർശനത്തതിനായി ചൈനീസ് വിദേശകാര്യ മന്ത്രി വാങ് യി, നാളെ ഇന്ത്യയിലെത്തും. ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവലിൻറെ ക്ഷണപ്രകാരമാണ് സന്ദർശനം. ഇന്ത്യ-ചൈന അതിർത്തി പ്രശ്നം സംബന്ധിച്ച പ്രത്യേക പ്രതിനിധികളുടെ 24-ാ മത് ചർച്ചയിൽ ശ്രീ അജിത് ഡോവലിനൊപ്പം അദ്ദേഹം പങ്കെടുക്കും. വിദേശകാര്യ മന്ത്രി എസ്. ജയശങ്കറുമായും ഉഭയകക്ഷി കൂടിക്കാഴ്ച നടത്തും.

&&&&&&&&&&&&&&&&

## FS - NEPAL VISIT

നേപ്പാൾ വിദേശകാര്യ സെക്രട്ടറി അമൃത് ബഹാദൂർ റായിയുടെ ക്ഷണം സ്വീകരിച്ച്, വിദേശകാര്യ സെക്രട്ടറി വിക്രം മിശ്രി ഇന്ന് നേപ്പാൾ സന്ദർശിക്കും. രണ്ട് ദിവസം നീണ്ടു നിൽക്കുന്ന സന്ദർശനം, ഇരു രാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി ബന്ധം കൂടുതൽ മെച്ചപ്പെടുത്തുമെന്ന് വിദേശകാര്യ മന്ത്രാലയം പറഞ്ഞു.

&&&&&&&&&&&&&&&&

## JAISHANKAR- SOUTH KOREAN FM-INTRO

വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ, ദക്ഷിണ കൊറിയൻ വിദേശകാര്യ മന്ത്രി ചോ ഹ്യൂയ് നുമായി ഉഭയകക്ഷി ചർച്ച നടത്തി. ന്യൂഡൽഹിയിൽ നടന്ന കൂടിക്കാഴ്ചയിൽ പ്രതിരോധം, സുരക്ഷ, സാമ്പത്തികം, ഊർജ്ജം, നിർമ്മിത ബുദ്ധി, വ്യാപാരം,

ഉൽപ്പാദനം തുടങ്ങി വിവിധ വിഷയങ്ങൾ ചർച്ച ചെയ്യതായി വിദേശകാര്യ മന്ത്രി പറഞ്ഞു.

(ഹോൾഡ് വോയ്സ്......)

പഹൽഗാം ഭീകരാക്രമണത്തെ അപലപിച്ചതിന്, ശ്രീ ജയ്ശങ്കർ, ദക്ഷിണ കൊറിയൻ വിദേശകാര്യ മന്ത്രിക്ക് നന്ദി പറഞ്ഞു.

&&&&&&&&&&&&&&&&

## CHINGAM 1

പുതിയ പ്രതീക്ഷകളുമായി പൊന്നിൻ ചിങ്ങത്തെ വരവേറ്റ് മലയാളികൾ. ഐശ്വര്യവും സമൃദ്ധിയും നിറയുന്ന നാളുകളിലേക്ക് കേരളീയർ പ്രതീക്ഷയോടെ കാൽവയ്ക്കുന്ന ദിവസമാണ് ചിങ്ങം ഒന്ന്.കർക്കടകത്തിൻ്റെ വറുതിയുടെ നാളുകൾ പിന്നിട്ട് ഓണത്തെ വരവേൽക്കാനായി നാട് ഒരുങ്ങും. ചിങ്ങം ഒന്ന് കേരളത്തിന് കർഷകദിനം കൂടിയാണ്. കാർഷിക പാരമ്പര്യത്തെ ഓർമ്മപ്പെടുത്തി സമൃദ്ധിയുടെയും വിളവെടുപ്പിന്റെയും നാളുകളാണ് ഇനി വരാനുള്ളത്.

&&&&&&&&&&&&&&&&

## HEADLINE 5

## CM KERALA- THRISSUR

സംസ്ഥാനതല കർഷക ദിനാഘോഷവും കർഷക പുരസ്കാര വിതരണവും ഇന്ന് മുഖ്യമന്ത്രി പിണറായി വിജയൻ തൃശൂരിൽ ഓൺലൈനായി നിർവഹിക്കും. കൃഷിമന്ത്രി പി പ്രസാദ് അധ്യക്ഷത വഹിക്കും. മന്ത്രിമാരായ കെ. രാജൻ, ആർ ബിന്ദു, തുടങ്ങിയവരും പങ്കെടുക്കും.

&&&&&&&&&&&&&&&&

## SABARIMALA

ചിങ്ങമാസപ്പുലരിയിൽ ശബരിമല സന്നിധാനത്ത് രാവിലെ അഞ്ചിനു നട തുറന്ന് നിർമ്മാല്യ ദർശനം നടന്നു. പമ്പയിലും സന്നിധാനത്തും മഴ

തുടരുന്നുണ്ടെങ്കിലും വലിയ ഭക്തജനത്തിരക്കാണ് അനുഭവപ്പെടുന്നത്. പമ്പയിൽ ജലനിരപ്പ് ഉയർന്നതിനാൽ തീർഥാടകർക്ക് പമ്പാനദിയിൽ ഇറങ്ങുന്നതിന് വിലക്കുണ്ട്. ശബരിമല കീഴ്ശാന്തി തിരഞ്ഞെടുപ്പും പമ്പ ഗണപതി ക്ഷേത്രം, ഹനുമാൻ ക്ഷേത്രം എന്നിവിടങ്ങളിലെ മേൽശാന്തിമാരുടെ തിരഞ്ഞെടുപ്പും ഇന്ന് നടക്കും. ചിങ്ങമാസ പൂജകൾ പൂർത്തിയാക്കി ഈമാസം 21ന് നട അടയ്ക്കും.

&&&&&&&&&&&&&&&&

## HEADLINE 6

## KERALA RAIN

സംസ്ഥാനത്ത് മഴ ശക്തി പ്രാപിക്കുന്നു. ഇന്ന് കണ്ണൂർ കാസർഗോഡ് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും, എറണാകുളം മുതൽ വയനാട് വരെയുള്ള ജില്ലകളിൽ മഞ്ഞ ജാഗ്രതയും പ്രഖ്യാപിച്ചിട്ടുണ്ട്. കേരളം-കർണ്ണാടകം-ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

&&&&&&&&&&&&&&&&

## BJP PARLIAMENTARY BOARD

ബിജെപി പാർലമെൻററി ബോർഡ് യോഗം ഇന്ന് ന്യൂഡൽഹിയിൽ ചേർന്നേക്കും. ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പിനുള്ള സ്ഥാനാർത്ഥിയെ തീരുമാനിക്കുന്നത് സംബന്ധിച്ച് യോഗം ചർച്ച ചെയ്യുമെന്ന് പാർട്ടി വൃത്തങ്ങൾ അറിയിച്ചു. നേരത്തെ NDA സഖ്യം ഉപരാഷ്ട്രപതി സ്ഥാനാർത്ഥിയെ തീരുമാനിക്കുന്നതിനുള്ള അധികാരം പ്രധാനമന്ത്രിയും മുതിർന്ന പാർട്ടി നേതാവുമായ നരേന്ദ്ര മോദിക്കും ബിജെപി ദേശീയ അധ്യക്ഷൻ ജെ പി നഡ്ഡയ്ക്കും നൽകിയിരുന്നു.

&&&&&&&&&&&&&&&&

## BIHAR RAHUL YATRA

വോട്ടർ പട്ടിക പരിഷ്കരണത്തിൽ ആരോപിക്കപ്പെടുന്ന ക്രമക്കേടുകൾ ഉയർത്തിക്കാട്ടി മുതിർന്ന കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി നയിക്കുന്ന വോട്ട് റൈറ്റ്സ് യാത്രയ്ക്ക് ഇന്ന് ബീഹാറിലെ സസാറാമിൽ

തുടക്കമാകും. 16 ദിവസത്തെ യാത്ര സംസ്ഥാനത്തെ 25 ജില്ലകളിലൂടെ കടന്നുപോകും.

&&&&&&&&&&&&&&&&

## NT. PAK FLOODING

വടക്കൻ പാകിസ്ഥാനിൽ, കനത്ത മഴയെത്തുടർന്നുണ്ടായ വെള്ളപ്പൊക്കത്തിലും മണ്ണിടിച്ചിലിലും മരണസംഖ്യ 350 ആയി. നിരവധി പേരെ കാണാതായി. വടക്ക്-പടിഞ്ഞാറൻ പാകിസ്ഥാനിലെ ബുണർ ജില്ലയെയാണ് പ്രളയം ഏറ്റവും കൂടുതൽ ബാധിച്ചത്. 200 ലേറെ പേരാണ് ഇവിടെ മരിച്ചത്. ഈ മാസം 21 വരെ മഴ തുടരുമെന്ന് പാകിസ്ഥാൻ കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി.

&&&&&&&&&&&&&&&&

## THAILAND-CAMBODIA TALKS

തായ്‌ലൻഡിൻറെയും കംബോഡിയയുടെയും സൈനിക പ്രതിനിധികൾ തായ്‌ലൻഡിലെ ട്രാറ്റ് പ്രവിശ്യയിൽ കൂടിക്കാഴ്ച നടത്തി. സമാധാനപരമായ ചർച്ചകളിലൂടെ അതിർത്തി പ്രശ്നങ്ങൾ പരിഹരിക്കാനും പ്രദേശത്ത് സ്ഥിരത ഉറപ്പാക്കാനും ലക്ഷ്യമിട്ടായിരുന്നു യോഗം. സഹകരണവും ആശയവിനിമയവും ശക്തിപ്പെടുത്തുന്നതിനുള്ള ധാരണാപത്രത്തിൽ ഇരു രാജ്യങ്ങളും ഒപ്പുവച്ചു.

&&&&&&&&&&&&&&&&

## BADMINTON - SAIPAN INTERNATIONAL

സായ്പ്പാൻ ഇൻ്റർനാഷണൽ ബാഡ്മിൻ്റൻ വനിതാ സിംഗിൾസ് കിരീടം, ഇന്ത്യൻ ഷട്ട്ലർ തന്യ ഹേമന്തിന്. ഒന്നാം സീഡായ തന്യ, ഫൈനലിൽ ജപ്പാൻ്റെ കാനെ സകായ് - യെ 15-10, 15-8ന് പരാജയപ്പെടുത്തിയാണ് കിരീട നേടിയത്. തന്യയുടെ ഈ വർഷത്തെ ആദ്യത്തെയും കരിയറിലെ നാലാമത്തെയും അന്താരാഷ്ട്ര ചലഞ്ച് കിരീടമാണിത്.

&&&&&&&&&&&&&&&&

# DURAND CUP

ഡ്യൂറണ്ട് കപ്പ് ഫുട്ബോൾ ക്വാർട്ടർ ഫൈനലിൽ മോഹൻ ബഗാൻ സൂപ്പർ ജയൻറ് , ഈസ്റ്റ് ബംഗാളിനെ നേരിടും. നാളെ കൊൽക്കത്തയിൽ ഇന്ത്യൻ സമയം വൈകുന്നേരം 7:00 മണിക്കാണ് മത്സരം. മോഹൻ ബഗാൻ 18-ാം ഡ്യൂറണ്ട് കപ്പ് കിരീടം ലക്ഷ്യമിടുമ്പോൾ ഈസ്റ്റ് ബംഗാൾ 17-ാം കിരീടത്തിനായാണ് പോരാടുന്നത്.

&&&&&&&&&&&&&&&&

&&&&&&&&&&

&&&